LIBRARY ARCHIVES Kerala Legislative Assembly

വിഷൻ ഇന്ത്യാ പ്രോജക്ടിന്റെ പ്രവർത്തനം

258 (1986) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫുട്ബോൾ കളി ശാസ്ത്രീയമായി അഭ്യസിക്കുന്നതിനായുള്ള വിഷൻ ഇന്ത്യാ പ്രോജക്ട് ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നത് ;

(ബി) ഈ പദ്ധതി വഴി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ ഫുട്ബോൾ കളി പ്രോത്സാഹിപ്പിക്കുക ലക്ഷ്യമാക്കി ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെ സാങ്കേതിക സഹായത്തോടെ കേരളസ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റേയും കേരള ഫുട്ബോൾ അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണിത്. ഓരോ ജില്ലയിൽ നിന്നും 8 സ്കൂളുകൾ വീതം തെരഞ്ഞെടുത്ത് ഒരു സ്കൂളിൽ 40 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.

കായിക സർവ്വകലാശാലയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

259 (1987) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കായിക സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

കായിക പഠനത്തിനും, പരിശീലനത്തിനും സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് അഡ്മിനിസ്ട്രേഷൻ, സ്പോർട്സ് ജേണലിസം എന്നിവയിലും ഡിഗ്രി കോഴ്സുകൾ. കൂടാതെ, സ്പോർട്സ് സയൻസിൽ ഗവേഷണം മുതലായവ.

സ്പോർട്സ് യൂണിവേഴ്സിറ്റി

260 (1988) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പോർട്ട്സ് യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്ന നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനായി കേരള സ്പോർട്സ് കമ്മീഷൻ ചെയർമാനായിരുന്ന ശ്രീ. എ. കെ. പാണ്ഡ്യയെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് ചുമതല പ്പെടുത്തുകയുണ്ടായി. ശ്രീ. എ. കെ. പാണ്ഡ്യ കായിക സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച പദ്ധതി രൂപരേഖ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തുന്ന വികസന പ്രവർത്തനങ്ങൾ

261 (1989) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടത്തുന്ന വികസനപ്രവർത്തനങ്ങൾ എന്തെല്ലാമെന്നും, ആ പ്രവർത്തനങ്ങൾക്കുണ്ടാകുന്ന തടസ്സം നീക്കാൻ നിയമനിർമ്മാണം വേണ്ടിവരുമെന്ന് സർക്കാർ കരുതുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കളിസ്ഥലവികസനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കേന്ദ്രഗവൺമെന്റിൽ നിന്നും കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഇതുവരെ എന്തു തുക ലഭിച്ചുവെന്നും, എന്തു തുക ചെലവിട്ടുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 35-ാമത് ദേശീയ ഗെയിംസ് കേരളത്തിൽ വെച്ച് നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയേറ്റ് രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ദേശീയ ഗെയിംസിനു വേണ്ട അടിസ്ഥാന സൗകര്യ വികസനത്തിന്റെ പ്രവർത്തനങ്ങൾ രണ്ടായി തരം തിരിച്ചിട്ടുണ്ട്.

1. നിലവിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണം

2. പുതിയ സ്റ്റേഡിയങ്ങളുടെ നിർമ്മാണവും കായിക താരങ്ങൾക്കും മറ്റു ഒഫീഷ്യലുകൾക്കും താമസ സൗകര്യമൊരുക്കലും.

സ്റ്റേഡിയങ്ങൾ പുതുക്കി പണിയുന്നതിനും പുനരുദ്ധരിക്കുന്നതിനുമായി ബന്ധപ്പെട്ട് കേരളത്തിലെ 7 ജില്ലകളിലെ 18 സ്ഥലങ്ങളിലായി 32 പ്രവൃത്തികൾക്ക് വിശദമായ രൂപരേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 12 പ്രവൃത്തികളുടെ പണികൾ വിവിധ ഘട്ടത്തിലായി പുരോഗമിക്കുന്നു. മറ്റു 4 പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് പണികൾ ആരംഭിക്കാവുന്ന അവസ്ഥയിലാണ് ബാക്കിയുള്ളവയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly